ഇൻവായിസ് തയ്യാറാക്കുന്നതിനുള്ള മെഷീൻ.

* 739. [34] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ ഇൻവായിസ് തയ്യാറാക്കുന്നതിനു് 'പവർ സമാസ്' എന്ന ഒരു മെഷീൻ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ബി) ഈ മെഷീൻ എന്തു വ്യവസ്ഥയിലാണു് വരുത്തിയിരിക്കുന്നതു്; പ്രതിമാസ റെൻറൽ എന്തു്;

(സി) എത്രവർഷം ഉപയോഗിച്ചുകൊള്ളാമെന്ന വ്യവസ്ഥയിലാണു് മെഷീൻ വരുത്തിയിരിക്കുന്നതു്;

(ഡി) ഈ മെഷീൻ ഇവിടെ കൊണ്ടുവരുന്നതിനു് ട്രാൻസ്പോർട്ടിംഗ് ചാർജ്ജു് എന്തു്;

(ഈ) മെഷീൻ പ്രവർത്തിപ്പിക്കാൻ എത്ര ആൾ വേണം, എത്ര ആളുകളുടെ ജോലി ഈ മെഷിനിൽ ചെയ്യാം, എത്ര ഇൻവായിസ് പ്രതിമാസം ഈ മെഷനിൻ ഇപ്പോൾ തയ്യാറാക്കുന്നുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ടു്. അതിൻറെ വിവിധ ഭാഗങ്ങൾ 1954 ജൂലായ്ക്കും 1955 ഫെബ്രുവരിക്കും ഇടക്കു വന്നുചേർന്നു.

(ബി) റെൻറൽ വ്യവസ്ഥയിൽ വിവിധമെഷീനുകൾക്കു് ഇൻസ്റ്റലേഷൻ ചാർജ്ജുടെ പ്രതിമാസം £ 380-13-0 (ഏകദേശം 5200 രൂപാ) റെൻറൽ ആയി കൊടുക്കണം.

(സി) രണ്ടുവർഷം.

(ഡി) 21,999 രൂപാ 11 ണാ.

(ഇ) മെഷീൻ പ്രവർത്തിപ്പിക്കാൻ 11 ആപ്പറേറ്റർമാരും ഒരു സൂപ്രവൈസരും രണ്ടു് അറൻറർമാരും വേണം. എത്ര ആളുടെ ജോലി ചെയ്യുമെന്നു് ഇപ്പോഴത്തെ experimental സ്റ്റേജിൽ പറയാൻ സാദ്ധ്യമല്ല. ഇപ്പോൾ പ്രതിമാസം 6000 മുതൽ 7000 വരെ ഇൻവായിസുകൾ ഈ മെഷീനിൽ തയ്യാറാക്കുന്നുണ്ടു്. 4 ആപ്പറേറ്റർമാരും ഒരു സൂപ്രവൈസരും മാത്രമേ ഇപ്പോൾ ഇതിൽ ജോലി ചെയ്യുന്നുള്ളു.

STARRED QUESTIONS POSTED FOR ANSWER ON 19-4-1955

ബൌണ്ടറി കമ്മിഷൻ.

* 740. [25] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ബൌണ്ടറി കമ്മിഷൻ മുമ്പാകെ ഈ ഗവണ്മെൻറു് നടത്തിയ നിവേദനങ്ങൾ എന്തു്;

(ബി) മറുപടികൾ എന്തു്;

(സി) മദ്രാസു് സംസ്ഥാനത്തുനിന്നും ഇക്കാര്യത്തിൽ നമുക്കു് എന്തെങ്കിലും രേഖകൾ അയച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഊന്നിപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിപുലമായും താഴെ കാണുന്നവയാണു്:

1. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം വിവിധപ്രകാരേണ ഉയർന്ന തോതിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. ഈ സംസ്ഥാനത്തോടു് മലബാർ സംയോജിപ്പിച്ചാൽ അതു് ഭരണപരവും ധനപരവുമായ വൈഷമ്യമുള്ള പ്രശ്നങ്ങൾക്കു് ഇടയാകും. മലബാർ ഈ സംസ്ഥാനത്തോടു് യോജിപ്പിക്കുകയാണെങ്കിൽ ഇൻഡ്യാ ഗവണ്മെൻറു് വേണ്ടുവോളം ധനസഹായം നൽകണം.

2. തമിഴു് സംസാരിക്കുന്ന പ്രദേശമോ അതിലേതെങ്കിലും ഭാഗമോ നീക്കികിട്ടുന്നതിനു് ഉള്ള അവകാശവാദം വസ്തുതകൾക്കു് എതിരാണു്. അതു് ഈ സ്റ്റേറിന്റെ ഭക്ഷ്യസ്ഥിതി, വിദ്യുച്ഛക്തിഉൽപ്പാദനം മുതലായവയെ ദോഷകരമാംവിധം ബാധിക്കും.

3. ഇപ്പോഴത്തെപ്പോലെ ഫോർട്ടുകൊച്ചി ഈ സ്റ്റേറിൽ ചേർക്കാതിരിക്കുന്നതു് ഒരു ക്രമക്കേടാണു്. അതു് ഭരണപരമായ അസൗകര്യങ്ങൾക്കും, ഭൂനികുതി നഷ്ടത്തിനും കാരണമായി ഭവിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ഭക്ഷ്യോൽപ്പാദനത്തിനു കൊടുത്തിട്ടുള്ള വനഭൂഭാഗങ്ങൾ.

* 741. [32] ശ്രീ. എം. എം. മത്തായി; താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹോംമിനിസ്റ്റർ സദയം മറുപടി നൽകുമോ:

(എ) Food production ആയി വിട്ടുകൊടുത്തിട്ടുള്ള വനഭൂഭാഗങ്ങൾ സർവ്വെചെയ്യാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം;

(സി) അതിലേയ്ക്കു് എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) കാളഞൈസേഷൻ സ്പെഷ്യൽ ആഫീസറുടെ കീഴിൽ ഒരു സർവ്വെ പാർട്ടിയെ നിയമിച്ചിട്ടുണ്ടു്. ആ പാർട്ടി ജോലിചെയ്തുവരികയാണു്.

(സി) ഒരു ഡെപ്യൂട്ടി സർവ്വെ സൂപ്രണ്ടും, ആറു് ഹെഡു് സർവ്വെയർമാരും, ഇരുപത്തിനാലു സർവ്വെയർമാരും, നാല്പത്തിഎട്ടു ലാസ്കർമാരും സർവ്വെ പാർട്ടിയിൽ ഉൾപ്പെടുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly